No.CEE/888/2019/3 LLB-2019/TA2

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# പത്രക്കുറിപ്പ്

## 2019–ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി, ത്രിവത്സര എൽഎൽ.ബി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച്

സംസ്ഥാനത്ത് 2019–20 അധ്യയന വർഷം സർക്കാർ ലോ കോളേജുകളിലും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലും ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി, ത്രിവത്സര എൽഎൽ.ബി കോഴ്സുകളിൽ നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള സ്പോട്ട് അലോട്ട്മെന്റ് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ **തിരുവനന്തപുരം, പാളയം, എൽ.എം.എസ് കോമ്പൗണ്ടിലുള്ള എൽ.എം.എസ് വിമൻസ് സെന്റർ കോൺഫറൻസ് ഹാളിൽ** വച്ച് നടത്തുന്നതായിരിക്കും.

സർക്കാർ ലോ കോളേജുകളിലും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലും ത്രിവത്സര എൽഎൽ.ബി കോഴ്സിൽ നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള സ്പോട്ട് അലോട്ട്മെന്റ് **2019 ആഗസ്റ്റ് 13 (ചൊവ്വാഴ്ച) രാവിലെ 9.30 മണി**യ്ക്കും, സർക്കാർ ലോ കോളേജുകളിലും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലും ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിൽ നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകളും ***കായംകുളം ഗുരു നിത്യചൈതന്യ യതി ലോ കോളേജ് & റിസർച്ച് സെന്റർ*** എന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജിൽ ബി.എ എൽഎൽ.ബി കോഴ്സിൽ നിലവിലുള്ള ആകെ സീറ്റുകളുടെ 50% സീറ്റുകളും നികത്തുന്നതിനുള്ള സ്പോട്ട് അലോട്ട്മെന്റ് **2019 ആഗസ്റ്റ് 14 (ബുധനാഴ്ച) രാവിലെ 9 മണി**യ്ക്കും നടത്തുന്നതാണ്.

സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള 2019–ലെ എൽഎൽ.ബി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രോസ്പെക്ടസ് ക്ലോസ് 6 പ്രകാരമുള്ള യോഗ്യത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാം. ഒഴിവുള്ള സീറ്റുകളുടെ വിശദാംശങ്ങൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

**സ്പോട്ട് അലോട്ട്മെന്റിലേയ്ക്ക് ഓൺലൈൻ രജിസ്ട്രേഷൻ നിർബന്ധമാണ്:**

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ അതത് കാൻഡിഡേറ്റ് പോർട്ടലിലൂടെ അവരവരുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച് 'Spot Allotment Registration' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 'Spot Allotment Registration Slip' ഡൗൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കേണ്ടതാണ്. ഈ സ്പോട്ട് അലോട്ട്മെന്റ് രജിസ്ട്രേഷൻ സ്ലിപ്പുമായി നിശ്ചിത സമയത്ത് വിദ്യാർത്ഥി നേരിട്ട് സ്പോട്ട് അലോട്ട്മെന്റിന് ഹാജരാകേണ്ടതാണ്.

**സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളത് വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471–2339101, 2339102, 2339103, 2339104, 2332123**

Seetha

തിരുവനന്തപുരം

06.08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**